# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2066 - 16/08/2017 ലെ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും കൃഷി ഓഫീസർമാർക്കും ശമ്പള വ്യത്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി | ശ്രീ. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | |
|---|---|
| സംസ്ഥാന സർവ്വീസിൽ ഒരേ ശമ്പള സ്കെയിലിൽ ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും കൃഷി ഓഫീസർമാർക്കും 15 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് നൽകുന്ന ഹയർ ഗ്രേഡിൽ എത്ര രൂപയുടെ വ്യത്യാസമാണുള്ളത്; ഈ വ്യത്യാസം പരിഹരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ (20/01/16-ലെ (GO(P) No.7/2016/Fin) അനുബന്ധം III, ഖണ്ഡിക 9 പ്രകാരം 35700 - 75600/- രൂപ മുതൽ 40500 – 85000/- രൂപ വരെ ശമ്പള സ്കെയിലിൽ വരുന്ന തസ്തികകൾക്ക് പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽക്കൂടിയും സമയ ബന്ധിത ഹയർ ഗ്രേഡുകൾ പട്ടിക II പ്രകാരം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ പ്രസ്താവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾക്ക് 39500 - 83000/- രൂപ എന്ന ശമ്പള സ്കെയിലാണ് നിലവിലുള്ളത് എന്നതിനാൽ 15 വർഷ യോഗ്യകാല രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് പട്ടിക II പ്രകാരം 45800 – 89000/- രൂപ എന്ന ശമ്പള സ്കെയിലിലാണ് അനുവദിച്ചു നൽകി വരുന്നത്. ആകയാൽ മേൽ തസ്തികകളുടെ രണ്ടാമത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് ശമ്പള സ്കെയിലുകളിൽ വ്യത്യാസമുണ്ടായിട്ടില്ല. |

Praveen

സെക്ഷൻ ഓഫീസർ